പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1516 22/03/2013-ൽ മറുപടിയ്ക്ക്

## പച്ചക്കറി വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് പച്ചക്കറി വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിത്തുടങ്ങിയോ; | എ) | 25.07.2012 ലെ സർക്കാർ ഉത്തരവ് (ആർ.ടി)നം.1517/2012/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പച്ചക്കറി വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| ബി) | എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകാമോ; | ബി) | പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ ജില്ലാ ക്ലസ്റ്ററുകളായി രൂപീകരിച്ച് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കൃഷി ഇൻഷ്വർ ചെയ്യുന്നു. ഇൻഷ്വർ ചെയ്യപ്പെടേണ്ട ഏറ്റവും കുറഞ്ഞ വിസ്തൃതി 10 സെന്റും ഇതിനാവശ്യമായ പ്രീമിയം തുക 10 രൂപയുമാണ്. കൃഷി തുടങ്ങി ഒരാഴ്ച മുതൽ ഒരു മാസം വരെയുള്ള കാലയളവിൽ വേണം കൃഷി ഇൻഷ്വർ ചെയ്യേണ്ടത്. ഇൻഷ്വർ ചെയ്ത കൃഷി പ്രകൃതി ക്ഷോഭം മൂലവും വന്യമൃഗങ്ങളുടെ ശല്യം കൊണ്ടും നശിച്ചാൽ പന്തൽ ഉള്ള ഇനങ്ങൾക്ക് 10 സെന്റിന് 1600 രൂപയും പന്തലില്ലാത്തവയ്ക്ക് 10 സെന്റിന് 800 രൂപയും നഷ്ടപരിഹാരമായി നൽകുന്നു. |
| സി) | നാളിതുവരെ എത്ര കർഷകർ പദ്ധതിയിൽ അംഗങ്ങളായി; | സി) | 6046 കർഷകർ |

| | |
|---|---|
| ഡി) ഇതിലേയ്ക്കായി 2012-13-ൽ എന്ത് തുക നീക്കിവച്ചിരുന്നു; അതിൽ എത്ര രൂപ ചെലവഴിച്ചു? | ഡി) 2012-2013 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 150 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ തുക സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിലേയ്ക്ക് മാറ്റി ഇട്ടിട്ടുണ്ട്. വിള നാശം സംഭവിക്കുന്ന മുറയ്ക്ക് അർഹമായ തുക കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**